LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രവാസി ഭാരീതരായ കേരളീയരുടെയും കേരളത്തിൽ താമസിക്കുന്ന അവരുടെ ഭാര്യയ്ക്കും അല്ലെങ്കിൽ ഭർത്താവിനും മാതാപിതാക്കൾക്കും സാമൂഹ്യ ജീവിതത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി സാമൂഹ്യ-സേവന സംഘടനകളെ സൗകര്യപ്പെടുത്തുക.

(ഇ) പ്രവാസി ഭാരതീയരായ കേരളീയർക്കെതിരെയുള്ള നീതി യുക്തമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും ആയതിന്മേൽ എടുക്കേണ്ട നടപടികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോടോ ഏജൻസികളോടോ ശിപാർശ ചെയ്യുക.

(എഫ്) ഭാരത ഭരണഘടനയിലെ സമത്വാവകാശത്തെയും പ്രവാസി ഭാരതീരായകേരളീയരോടുള്ള ന്യായമായ പെരുമാറ്റത്തേയും ബാധിക്കുന്ന നിലവിലുള്ള നിയമങ്ങളില അപര്യാപ്തതകളും പോരായ്മകളും അത്തരം സാഹചര്യങ്ങൾ നേരിടുന്നതിനായി എടുക്കേണ്ട പരിഹാരനിയമനിർമ്മാണ നടപടികളെയും കുറിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക.

(ജി) റിക്രൂട്ട്മെന്റ് ഏജൻസികളുടെ ന്യായമല്ലാത്ത പ്രവൃത്തികളെക്കുറിച്ച് അന്വേഷിക്കുന്നതിനും പ്രവാസി ഭാരതീയരായ കേരളീയരോടുള്ള താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ ഉറപ്പുവരുത്തുക.

(സി) കമ്മീഷൻ എത്രയും വേഗം രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ 8-12-2015-ന് നിയമസഭയിൽ അവതരിപ്പിച്ചുകഴിഞ്ഞു. സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച പ്രകാരമുള്ള ബിൽ ഡിസംബർ 17-ാം തീയതി സഭ പരിഗണിക്കുന്നതാണ്.

ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയവരുടെ പ്രശ്നങ്ങൾ

72 (3274) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലുണ്ടായ ആഭ്യന്തര പ്രശ്നങ്ങൾമൂലം ജോലി നഷ്ടപ്പെട്ട് കേരളത്തിൽ തിരിച്ചെത്തിയ നേഴ്സുമാരുടെയും മറ്റുള്ളവരുടെയും കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; അങ്ങനെ വിവിധ രാജ്യങ്ങളിൽ നിന്നും തിരിച്ചു വന്നവരുടെ എണ്ണം രാജ്യവും ഇനവും തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹതഭാഗ്യരിൽ പലരും വിവിധ ബാങ്കുകളുടെ ജപ്തിഭീഷണിയിൽ കഴിയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവർക്ക് സർക്കാർ മുൻകൈ എടുത്ത് സർക്കാർ/സ്വകാര്യമേഖലയിൽ ജോലി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്, വിശദമാക്കാമോ;

(ഡി) ഇങ്ങനെ ജോലി നഷ്ടപ്പെട്ടവരുടെ വായ്പാ കുടിശ്ശികകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാനും മറ്റൊരു തൊഴിൽ ലഭിക്കുന്നതുവരെ വായ്പ തിരിച്ചടവിൽ നിന്നും ഒഴിവാക്കുന്നതിനും എന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വിദേശരാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നംമൂലം നാട്ടിൽ തിരിച്ചെത്തി നോർക്ക റൂട്ട്സിന്റെ ഹെൽപ്പ് ഡെസ്കിലും ഓൺലൈനായും രജിസ്റ്റർ ചെയ്ത പ്രവാസികളുടെ കണക്ക് താഴെ കൊടുക്കുന്നു. ഇനം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമല്ല.

വർഷം	രാജ്യം	എണ്ണം
മെയ്- 2011	യെമൻ	441
ജൂൺ- 2014	ഇറാഖ്	418
ആഗസ്റ്റ്- 2014	ലിബിയ	532
ഏപ്രിൽ- 2015	യെമൻ	2444
	ആകെ	3835

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിദേശരാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾമൂലം ജോലി നഷ്ടപ്പെട്ട് ഇറാഖ്, ലിബിയ, യെമൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നും നാട്ടിലെത്തിയ നഴ്സുമാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിദേശരാജ്യങ്ങളിലെ ആതുര സേവന രംഗത്തെ പ്രമുഖ സ്ഥാപനങ്ങളുടെ മേധാവികളുമായി നടത്തിയ ചർച്ചകളെത്തുടർന്ന്, അതിനുശേഷം നടത്തിയ തെരഞ്ഞെടുപ്പിലൂടെ അൽ-അഹല്യ, അൽ-അബീർ, ഡി.എം. ഹെൽത്ത് കെയർ, എൻ.എം.സി. ഗ്രൂപ്പ് തുടങ്ങിയ ഹോസ്പിറ്റലുകൾ വഴി 305 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ഇതിൽ 42 പേർക്ക് വിദേശത്തും 19 പേർക്ക് സ്വദേശത്തും ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വായ്പ കുടിശ്ശികകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കേണ്ടത് റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന ബാങ്കുകളാണ്. ഇത്തരത്തിൽ ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ വായ്പ തിരിച്ചടവ് സംബന്ധിച്ച് മുദ്രസമീപനം സ്വീകരിക്കണമെന്ന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട നോർക്ക വകുപ്പുമന്ത്രിയും അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രവാസി ക്ഷേമ പദ്ധതികൾ

73 (3275) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല പ്രവാസി ക്ഷേമ പദ്ധതികൾ മുടങ്ങിപ്പോയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രവാസി ചികിത്സാ സഹായം സർക്കാർ അനുവദിച്ചിട്ടും അപേക്ഷകർക്ക് നല്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ;

(സി) പ്രവാസി പുനരധിവാസ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിൽ ബാങ്കുകൾ സഹകരിച്ചില്ലെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയെ തുടർന്നും ഇക്കാര്യത്തിൽ പുരോഗതിയുണ്ടായില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) പ്രവാസികളുടെ ക്ഷേമപദ്ധതികൾ മുടങ്ങിപ്പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നോർക്ക-റൂട്ട്സ് വഴി നടപ്പാക്കുന്ന സാന്ത്വന പദ്ധതി പ്രകാരം തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് നിബന്ധനകൾക്ക് വിധേയമായി ചികിത്സാ സഹായം അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹമാകുന്നതിനുള്ള വരുമാനപരിധി 25,000 രൂപയിൽനിന്നും 1,00,000 രൂപയായും നൽകി വന്നിരുന്ന ധനസഹായം പരമാവധി ഒരുലക്ഷം രൂപയായും വർദ്ധിപ്പിക്കുകയും തൽഫലമായി അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനെത്തുടർന്ന് ലഭ്യമായ ഫണ്ട് ഉപയോഗിച്ച് എല്ലാ അപേക്ഷകർക്കും യഥാസമയം ധനസഹായം നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly